

## സെന്റ് സക്കറിയാസ് അഡോറേഷൻ കോൺവെന്റ് കോതമംഗലം

സ്ഥാപനം : 1979

രൂപതാ കേന്ദ്രത്തോടടുത്ത് നമുക്കൊരു ഭവനമുണ്ടായിരിക്കേണ്ടത് ഒരു ആവശ്യമായി അനുഭവപ്പെട്ടു. ഒരു ഹോസ്റ്റലും വിഭാവനം ചെയ്തിരുന്നു. ഈ ലക്ഷ്യത്തോടുകൂടി യാക്കോബായ വലിയ പള്ളിയുടെ സമീപത്തുള്ള 42 സെന്റ് സ്ഥലവും അതിലൊരു വീടും വാങ്ങിച്ചു. 1979-ൽ ആ വീട് വെഞ്ചരിച്ച് 6 കുട്ടികളും 2 സിസ്റ്റേഴ്സും അടങ്ങുന്ന ഒരു റസിഡൻസ് ആയി ആരംഭം കുറിച്ചു. എന്നാൽ ആ സ്ഥലം ചില സാങ്കേതിക കാരണങ്ങളാൽ നമ്മുടെ ലക്ഷ്യപ്രാപ്തിക്കു ഉതകുന്നതല്ലെന്ന് കണ്ട് ആ സ്ഥലം അരമനയ്ക്ക് കൈമാറി. 1981-ൽ ഇപ്പോഴുള്ള സ്ഥലം വാങ്ങിച്ച് അതിലുണ്ടായിരുന്ന ചെറിയ ഭവനത്തിലേയ്ക്ക് സിസ്റ്റേഴ്സ് താമസം മാറ്റി. ഹോസ്റ്റൽ തൽക്കാലത്തേയ്ക്ക് നിറുത്തലാക്കി. പുതിയ കെട്ടിടം പണിത് 1990-ൽ വെഞ്ചരിച്ച് സിസ്റ്റേഴ്സ് അവിടെ താമസം തുടങ്ങി. ആ വർഷം തന്നെ രണ്ടാം നിലയിൽ ഹോസ്റ്റലും ആരംഭിച്ചു. ബിഷപ്സ് ഹൗസിലെ വിവിധ പ്രേഷിതമേഖലകളിലെ ഓഫീസുകളിൽ ഇവിടെ താമസിച്ച് സിസ്റ്റേഴ്സ് ജോലി ചെയ്തിരുന്നു. രൂപതാ വക സെന്റ് അപ്രേം തിയളോജിക്കൽ സെന്ററിൽ പോസ്റ്റുലൻസിന് തിയോളജി കോഴ്സ് ആരംഭിച്ചതോടെ ഇത് പോസ്റ്റുലൻസ് ഹൗസാക്കി മാറ്റി. അതോടെ ഹോസ്റ്റലും നിർത്തലാക്കി. എല്ലാ ദിവസവുംതന്നെ 13 മണി ആരാധന നടത്തുന്നു. അയൽവാസികൾ പലപ്പോഴും ആരാധനയിൽ സംബന്ധിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു.